**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1863** **13-02-2025 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം കായിക വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കൈപ്പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിലെ മേപ്പിൾ വുഡ് ഫ്ലോറിംഗ് പ്രവൃത്തി | 40,86,000/- | 03.07.2023 - ൽ M/s. Guess 9 Sports, കോഴിക്കോട് എന്ന സ്ഥാപനവുമായി 31,01,507/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും ഫ്ലോർ കോൺക്രീറ്റിംഗ് പ്രവൃത്തി, മേപ്പിൾ വുഡ് ഫ്ളോറിംഗ് പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുമുണ്ട്. മേപ്പിൾ വുഡ് പോളിഷ് പ്രവൃത്തി പുരോഗമിച്ച് വരുന്നു |
| 2 | പറളിക്കാട് മിണാലൂർ ഗ്രൗണ്ടിന്റെ ബാലൻസ് പ്രവൃത്തികൾ | 1,41,36,000/- | 12.09.2024-ൽ ശ്രീ.ഇ.ബി.ഷിബു, തൃശ്ശൂർ എന്ന കരാറുകാരനുമായി 1,22,82,445/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും 23.09.2024 -ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നൽകുകയും ചെയ്തിരുന്നു. മുമ്പ് മുനിസിപ്പാലിറ്റിയുടെ ആവശ്യ പ്രകാരവും ബഹു. എം.എൽ.എയുടെ നിർദ്ദേശാനുസരണവും ഇൻഡോർ സ്റ്റേഡിയത്തിന്റെ വശങ്ങളിൽ മുകളിൽ ഒരു നില കൂടി ഉൾപ്പെടുത്തി കോൺക്രീറ്റ് ഫ്ലോർ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് എടുത്തിരുന്നത്. ഇത് മാറ്റി പകരം ഇൻഡോർ സ്റ്റേഡിയത്തിന് പുറക് വശത്തോട് ചേർന്ന് ശുചിമുറികൾ നിർമ്മിക്കാനും ബാലൻസ് വരുന്ന തുക ഇൻഡോറിന്റെ മേപ്പിൾ വുഡ് ഫ്ലോറിംഗ് ചെയ്യുവാനായി മാറ്റുന്നതിനും ബഹു. എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് പ്രവൃത്തി ആരംഭിക്കുകയും 20% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | വടക്കാഞ്ചേരി ജി.ബി.എച്ച്.എസ്.എസ് | 1,00,00,000/- | 27.07.2024 -ൽ ശ്രീ. അബൂബക്കർ. ടി.എ, തൃശ്ശൂർ എന്ന കരാറുകാരനുമായി |

| | | | |
|---|---|---|---|
| | ഗ്രൗണ്ട് (ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | | 75,92,508/- രൂപയ്ക്ക് കരാറിലേർപ്പെട്ടുകയും പ്രവൃത്തി ആരംഭിക്കുകയും 10% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | തെക്കുംകര ഗ്രാമപഞ്ചായത്ത്, പുന്നംപറമ്പ് ഗ്രൗണ്ട് | 1,00,00,000/- | 15.01.2025 തീയ്യതിയിലെ സ.ഉ.(സാധാ)നം. 18/2025/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 5 | മൾട്ടിപർപ്പസ് ഇൻഡോർ ഹാൾ - അടാട്ട് ഗ്രാമപഞ്ചായത്ത് ചിറ്റിലപ്പള്ളി ഗ്രൗണ്ട് | 1,00,00,000/- | 15.01.2025 തീയ്യതിയിലെ സ.ഉ(സാധാ)നം. 18/2025/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| 6 | കോലാഴി ഗ്രാമപഞ്ചായത്ത് കാക്കത്തോപ്പ് ഗ്രൗണ്ട് | 1,00,00,000/- | 15.01.2025 -ലെ സ.ഉ.(സാധാ)നം. 18/2025/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**